**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- പുതിയതായി നഗരസഭകളോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെയും നഗരസഭകളായി മാറ്റിയ പഞ്ചായത്തുകളിലെയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ഈ ധനകാര്യ വർഷത്തേയ്ക്ക് കൂടി അതാത് സ്ഥലങ്ങളിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ)നമ്പർ. 2923 /2016 /തസ്വഭവ, തിരുവനന്തപുരം, തീയതി, 21.10.2016.

---

പരാമർശം :-1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.07.2016 ലെ തീരുമാനം.നം.4.

2. ഗ്രാമവികസന കമ്മീഷണറുടെ 09.08.2016 ലെ 13419/എസ്റ്റാ.ബി2/16/ സി.ആർ.ഡി നമ്പർ നടപടിക്രമം.
3. ഗ്രാമവികസന കമ്മീഷണറുടെ 18.08..2016 ലെ 13419/എസ്റ്റാ.ബി2/16/ സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

പുതിയതായി നഗരസഭകളോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെയും നഗരസഭകളായി മാറ്റിയ പഞ്ചായത്തുകളിലെയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ഈ ധനകാര്യ വർഷത്തേയ്ക്ക് കൂടി അതാത് സ്ഥലങ്ങളിൽ തുടരുന്നതിന് അനുമതി നൽകാൻ പരാമർശം (1) പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ട്രഷറി മുഖേന ധനകാര്യ ഇടപാടുകൾ നടത്തുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് ട്രഷറി ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നതിനാൽ ഇതിലേയ്ക്കായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതിയതായി നഗരസഭകളോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെയും നഗരസഭകളായി മാറ്റിയ പഞ്ചായത്തുകളിലെയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ഈ ധനകാര്യ വർഷത്തേയ്ക്ക് കൂടി അതാത് സ്ഥലങ്ങളിൽ തുടരുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2)ലെ നടപടിക്രമം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമവികസന കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വിജയകുമാർ ടി.പി**

**സ്പെഷ്യൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക വകുപ്പ് ( ഗവ. വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ